# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5722** **28.03.2018-ൽ മറുപടിയ്ക്ക്**

**കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി. ഉണ്ണി | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കുറഞ്ഞ ചെലവിൽ പൊതുഗതാഗതം സാധ്യമാക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | കുറഞ്ഞ ചെലവിൽ പൊതുഗതാഗതം സാധ്യമാക്കുന്നതിന് സ്റ്റേജ് കാര്യേജ് സർവ്വീസുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി കിഫ്ബിയിൽ നിന്നുള്ള ധനസഹായത്തോടെ 900 പുതിയ ബസുകൾ പുറത്തിറക്കുന്നതിനുള്ള നടപടികൾ KSRTC ത്വരിതഗതിയിൽ സ്വീകരിച്ചു വരുന്നു. കൂടാതെ സർക്കാർ ധനസഹായത്തോടെ 100 ബസ്സുകൾ പുറത്തിറക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും, ഇതിനോടകം 32 ബസുകൾ പുറത്തിറക്കുകയും ചെയ്തിട്ടുണ്ട്. ചെലവ് കുറഞ്ഞ ഇന്ധനങ്ങളായ LNG / CNG ഉപയോഗിക്കുന്ന വാഹനങ്ങളും പരീക്ഷണഘട്ടത്തിലാണ്. സ്ഥിരം യാത്രക്കാർക്ക് യാത്രാക്കൂലിയിൽ ഇളവ് നൽകുന്നതിലേയ്ക്കായി സ്മാർട്ട് കാർഡ് നടപ്പാക്കുന്ന കാര്യവും KSRTC-യുടെ പരിഗണനയിലാണ്.<br>സ്വകാര്യ ഓൺലൈൻ ടാക്സികൾ കർശനമായ സുരക്ഷാ മാനദണ്ഡങ്ങളോടെ ഈ സംസ്ഥാനത്ത് ഏർപ്പെടുത്തുന്നതിന് നടപടികൾ പുരോഗമിക്കുന്നു. അന്തരീക്ഷ മലിനീകരണം കുറയ്ക്കുന്നതിനായി ഇ-കാർ, ഇ-റിക്ഷ, ഇ-ബൈക്ക് തുടങ്ങിയ ഇലക്ട്രിക് വാഹനങ്ങൾക്ക് സംസ്ഥാനത്തുടനീളം വിപണനം നടത്തുന്നതിനും അനുമതി നൽകി. ഇവയുടെ വാഹന നികുതി സൗജന്യ നിരക്കിൽ നല്കിയിട്ടുള്ളതാണ്. കുറഞ്ഞ ചെലവിൽ പൊതുഗതാഗതം സാധ്യമാക്കുന്നതിനായി സി.എൻ.ജി/എൽ.എൻ.ജി വാഹനങ്ങൾക്ക് സംസ്ഥാനത്ത് സർവീസ് നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പെട്രോൾ, ഡീസൽ എന്നിവ ഉപയോഗിക്കുന്നതിനേക്കാളും ലാഭകരവും മലിനീകരണ തോത് കുറവുള്ളതുമായ ഇ-കാർ, ഇ-റിക്ഷ, ഇ-ബൈക്ക്, സി.എൻ.ജി ബസ് തുടങ്ങിയവ മോട്ടോർ വാഹന വകുപ്പ് രജിസ്റ്റർ ചെയ്തു നൽകുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (കെ.എം.ആർ.എൽ) എന്ന സ്ഥാപനം എന്നാണ് ആരംഭിച്ചത്; | (ബി) | 02.08.2011-ന് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (കെ.എം.ആർ.എൽ) എന്ന കമ്പനി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു. |
| (സി) | കെ.എം.ആർ.എൽ എന്ന സ്ഥാപനം യാഥാർത്ഥ്യമാക്കുന്നതിനായി എത്ര തുകയാണ് ചെലവഴിച്ചത്; വിശദാംശം ലഭ്യമാക്കാമോ; | (സി) | പ്രോജക്ടുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ, മെട്രോ റീച്ച് നിർമ്മാണം, മുട്ടത്ത് പ്രവർത്തിച്ചു വരുന്ന കൺട്രോൾ സെന്റർ, മെട്രോ സ്റ്റേഷനുകൾ, മെട്രോ സ്റ്റേഷനുകളിലുള്ള സൗകര്യങ്ങൾ, മെട്രോ റെയിൽ കോച്ചുകൾ, ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും, ഡി.എം.ആർ.സിക്ക് കൊടുക്കേണ്ടതായ കൺസൾട്ടൻസി ഫീസ് തുടങ്ങിയ ആവശ്യങ്ങൾക്കായി 28.02.2018 വരെ 4491.38 കോടി രൂപ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് ചെലവഴിച്ചിട്ടുണ്ട്. |
| (ഡി) | കെ.എം.ആർ.എൽ എന്നാണ് കൊച്ചിയിൽ മെട്രോ ട്രെയിൻ സർവ്വീസ് ആരംഭിച്ചത്; | (ഡി) | കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ ആലുവ മുതൽ പാലാരിവട്ടം വരെയുള്ള ഭാഗത്ത് 19.06.2017-നും, പാലാരിവട്ടം മുതൽ മഹാരാജാസ് കോളേജ് സ്റ്റേഷൻ വരെയുള്ള ഭാഗത്ത് 03.10.2017-നും ആണ് സർവ്വീസ് ആരംഭിച്ചത്. |
| (ഇ) | പ്രസ്തുത കെ.എം.ആർ.എൽ.ന് വേണ്ടി ഏതെല്ലാം ഏജൻസികളിൽ നിന്നുമാണ് ധനസമാഹരണം നടത്തിയത്; വിശദാംശം നൽകാമോ; | (ഇ) | ധനസമാഹരണം നടത്തിയത് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (എഫ്) | മൂലധനസമാഹരണത്തിനായി എത്ര തുക വായ്പ എടുത്തിട്ടുണ്ട്; വിശദാംശം നൽകാമോ; | (എഫ്) | വായ്പയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>ഫ്രഞ്ച് ഏജൻസിയായ AfD-യുടെ കേന്ദ്രസർക്കാർ മുഖേനയുള്ള വായ്പ — 1152.29 കോടി രൂപ<br>കാനറാ ബാങ്ക് വായ്പ — 662.43 കോടി രൂപ<br>ആകെ — 1814.72 കോടി രൂപ<br>എറണാകുളം ജില്ലാ സഹകരണ ബാങ്കിൽ നിന്നും എടുത്തിട്ടുള്ള വായ്പ ഭൂമി ഏറ്റെടുക്കുന്നതിന് വേണ്ടി കേരള സർക്കാരിൽ നിന്നും ലഭിക്കേണ്ട തുക ആയതിനാൽ പ്രസ്തുത ലോൺ കേരള സർക്കാരിന് വേണ്ടി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് എടുത്തിട്ടുള്ളതാണ്. ആയതിനാൽ പ്രസ്തുത വായ്പ മേൽപ്പറഞ്ഞ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| (ജി) | കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ നാളിതുവരെയുള്ള പ്രവർത്തനം ലാഭകരമല്ല എന്ന ആക്ഷേപം ശ്രദ്ധയിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ജി) | 28.02.2018 വരെയുള്ള കണക്ക് പ്രകാരം കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് 47.14 കോടി രൂപ നഷ്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| | | രൂപ (കോടിയിൽ) |
|---|---|---|
| ഓഹരി മൂലധനം | ഭാരത സർക്കാർ | 753.73 |
| | കേരള സർക്കാർ | 753.73 |
| | **ആകെ** | **1507.46** |
| കീഴ്ക്കടം | ഭാരത സർക്കാർ - കേന്ദ്ര നികുതി വിഹിതം | 248.50 |
| | കേരള സർക്കാർ ഭൂമിവില | 306.25 |
| | കേരള സർക്കാർ - കേന്ദ്ര നികുതി വിഹിതം | 182.59 |
| | കേരള സർക്കാർ - സംസ്ഥാന നികുതി വിഹിതം | 11.00 |
| **ആകെ** | | **748.34** |
| എ.എഫ്.ഡി എന്ന ഫ്രഞ്ച് ഏജൻസി (കേന്ദ്രസർക്കാർ മുഖാന്തിരം) | | 1152.29 |
| കാനറ ബാങ്ക് | | 662.43 |
| എറണാകുളം ജില്ലാ സഹകരണ ബാങ്ക് | | 302.95 |
| ഇതര സ്രോതസ്സുകൾ | | 117.91 |
| **ആകെ** | | **2235.58** |
| **മൊത്തം** | | **4491.38** |

എറണാകുളം ജില്ലാ സഹകരണ ബാങ്കിൽ നിന്നും എടുത്തിട്ടുള്ള വായ്പ ഭൂമി ഏറ്റെടുക്കുന്നതിന് വേണ്ടി കേരള സർക്കാരിൽ നിന്നും ലഭിക്കേണ്ട തുക ആയതിനാൽ പ്രസ്തുത ലോൺ കേരള സർക്കാരിന് വേണ്ടി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് എടുത്തിട്ടുള്ളതാകുന്നു.